(സി, ഡി) പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ വടക്കൻ ജില്ലകളിൽ നടപ്പാക്കുന്നതിനുവേണ്ടി മറ്റു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രഗവൺമെൻറിന് അയച്ചിട്ടുണ്ട്. സ്വിസ് സഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതി മേൽ പറഞ്ഞ ജില്ലകളിലെ ക്ഷീരോല്പാദകരുടെ ആവശ്യങ്ങൾ മുഴുവനും നിറവേറ്റുവാൻ മതിയാകുന്നതാണ്. അതുകൊണ്ട് മഞ്ചേരിക്കുമാത്രമായ ഒരു യൂണിറ്റ് ഇക്കൊല്ലം തുടങ്ങാൻ ബുദ്ധിമുട്ടാണ്.

പോലീസ് സ്റ്റേഷൻ കയ്യേറ്റം

148. [204] ശ്രീ. പി. സീതി ഹാജി :

,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം പോലീസ് സ്റ്റേഷൻ പട്ടാളക്കാർ കയ്യേറിയിട്ടുണ്ടോ ;

(ബി) എങ്കിൽ അത് എന്നാണ്. അതിനുള്ള പ്രകോപനം എന്തായിരുന്നു ;

(സി) പോലീസ് അധികാരികളും പട്ടാള അധികാരികളുമായി ഇടപെടുമ്പോഴുള്ള പെരുമാറ്റച്ചട്ടം എന്താണ് ;

(ഡി) പോലീസ് അധികാരികളും ഈ പെരുമാറ്റച്ചട്ടം ഈ കേസിൽ ലംഘിച്ചുവോ ;

(ഇ) എങ്കിൽ ആരാണ് അതിന് ഉത്തരവാദികൾ ;

(എഫ്) ഈ സംഭവത്തെത്തുടർന്ന് ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) 5-10-1985-ൽ നേമം പോലീസ് സ്റ്റേഷനിൽ ഏതാനും പട്ടാളക്കാരും ഉദ്യോഗസ്ഥൻമാരും പ്രവേശിച്ചു.

(ബി) പോലീസുകാരെ ആക്രമിച്ചതായി ഒരു സംഭവം ഉണ്ടായിട്ടുണ്ട്. ഒരു പട്ടാളക്കാരനെ കസ്റ്റഡിയിലെടുത്തു എന്ന കാരണത്താലാണ് ഈ സംഭവം.

(സി) ഏതെങ്കിലും പട്ടാള ഉദ്യോഗസ്ഥനെ കസ്റ്റഡിയിലെടുക്കുമ്പോൾ ഏറ്റവും അടുത്തുള്ള പട്ടാളത്തിലെ കമാൻറിംഗ് ആഫീസറെ അറിയിക്കണമെന്നാണ് ചട്ടം.

(ഡി, ഇ, എഫ്) ഈ സംഭവത്തെ സംബന്ധിച്ച് വിശദമായി സൈനിക നേതൃത്വത്തിലുള്ള ഒരു അന്വേഷണ കോടതിയും സംസ്ഥാനത്തെ ഒരു ഡി. ഐ. ജി. യും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കൂടുതൽ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

പോലീസ് സ്റ്റേഷനു പുതിയ കെട്ടിടം

149. [205] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമളി, പെരുവന്താനം എന്നീ പോലീസ് സ്റ്റേഷനുകൾക്കു വേണ്ടി പുതിയതായി പണിയുന്ന കെട്ടിടങ്ങളുടെ പണി പൂർത്തിയാകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പണി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly